# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1177    20.03.2012 - ൽ മറുപടിക്ക്

## റോഡ് നിർമ്മാണത്തിനും പരിപാലനത്തിനും പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. എം. പി. വിൻസെന്റ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിനും പരിപാലനത്തിനും എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; | (എ) കെ. എസ്. റ്റി. പി. രണ്ടാംഘട്ട പദ്ധതിയും പൊതുമരാമത്ത് വകുപ്പിൽ ഹെവിമെയിന്റനൻസ് പദ്ധതിയും ദീർഘകാല ഗാരണ്ടി പീരിയഡ് ഉൾപ്പെടെ നടപ്പിലാക്കി വരുന്നു. കേരള റോഡ് ഫണ്ട് ബോർഡ് വഴി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1000 കി.മീ. റോഡുകൾ ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ പുനർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികളും നടപ്പിലാക്കുന്നതാണ്. ഈ റോഡുകളുടെയെല്ലാം ദീർഘകാല പരിപാലനത്തിനും കൂടി വ്യവസ്ഥ ചെയ്തിട്ടായിരിക്കും പദ്ധതിയുടെ കരാർ നൽകുക. |

(ബി) റോഡ് നിർമ്മാണത്തിന് പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ഇതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

(ബി) & (സി) പുതിയ സാങ്കേതിക വിദ്യകൾ മുഖാന്തിരം രൂപപ്പെടുത്തിയിട്ടുള്ള ഫ്ളക്സിബിൾ പേവ്മെന്റ് ആയ ബി. എം. ആന്റ് ബി. സി. ഉപയോഗിച്ച് ഉപരിതലം നിർമ്മിച്ചു വരുന്നു. കൂടാതെ വേസ്റ്റ് പ്ളാസ്റ്റിക് ഉപയോഗിച്ചും റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ ഹോട്ട് മിക്സ് പ്ലാന്റ്, സെൻസർ പേവർ, വൈബ്രേറ്ററി റോളർ മുതലായ യന്ത്ര സാമഗ്രികൾ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്.

സെക്ഷൻ ഓഫീസർ.